**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്തിൽ നിന്നും 28.02.2017 ൽ സേവനത്തിൽ നിന്ന് വിരമിച്ച ക്ലാർക്ക് ശ്രീ.റ്റി.ജയചന്ദ്രന്റെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.**2348/2018/തസ്വഭവ** തിരുവനന്തപുരം, തീയതി, **03/09/2018**

==================================================

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) ശ്രീ റ്റി ജയചന്ദ്രന്റെ 07.07.2015 ലെ ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 25.09.2015, 10.05.2018 എന്നീ തീയതികളിലെ ഇ 6-13040/15 നമ്പർ കത്തുകൾ.

**ഉത്തരവ്**

വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്തിൽ നിന്നും 28.02.2017 ൽ സേവനത്തിൽ നിന്ന് വിരമിച്ച ക്ലാർക്ക് ശ്രീ.റ്റി.ജയചന്ദ്രന്റെ 07.03.2012 മുതൽ 27.12.2015 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.റ്റി.ജയചന്ദ്രൻ 01.11.2012 പ്രാബല്യത്തിൽ സ്വയം വിരമിക്കലിന് 01.08.2012 തീയതിയിൽ അപേക്ഷ സമർപ്പിച്ച ശേഷം 01.08.2012 മുതൽ ഓഫീസിൽ ഹാജരായിരുന്നില്ല. ടിയാനെതിരെയുള്ള അച്ചടക്ക നടപടി പൂർത്തികാത്തതിനാലും ക്വാളിഫൈയിംഗ് സർവ്വീസ് കണക്കാക്കുന്നതിൽ വന്ന കാലതാമസവും കാരണം സ്വയം വിരമിക്കൽ അപേക്ഷ പരിഗണിച്ചില്ല. അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന കാലം ശൂന്യവേതനാവധിയായി പരിഗണിക്കണമെന്നും സേവനത്തിൽ പുനപ്രവേശിപ്പിക്കണമെന്നും കാണിച്ച് ടിയാൻ അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം 28.12.2015 ൽ ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചു. 07.03.2012 മുതൽ 02.11.2012 വരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി റദ്ദ്

ചെയ്തിട്ടുണ്ട്. 07.03.2012 മുതൽ 27.12.2015 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാണ് പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത്. 07.03.2012 മുതൽ 27.12.2015 വരെയുള്ള തീയതിയിലെ മെഡിക്കൽ സർട്ടിഫിക്കറ്റുകളും 28.12.2015 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും സമർപ്പിക്കുകയുണ്ടായി

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വയനാട് ജില്ലയിലെ എടവക ഗ്രാമപഞ്ചായത്തിൽ നിന്നും 28.02.2017 ൽ സേവനത്തിൽ നിന്ന് വിരമിച്ച ക്ലാർക്ക് ശ്രീ റ്റി ജയചന്ദ്രന്റെ 07.03.2012 മുതൽ 27.12.2015 വരെയുള്ള ഹാജരില്ലായ്മക്കാലയളവ്, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, എടവക ഗ്രാമപഞ്ചായത്ത്, വയനാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീ.റ്റി.ജയചന്ദ്രൻ, മുൻ ക്ലാർക്ക്, എടവക ഗ്രാമപഞ്ചായത്ത്, വയനാട് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ധന വകുപ്പ്(27.07.2018 ലെ റൂൾസ് ബി 2/178/2018 ധന നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(507/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ